(ഡി) ഗവൺമെന്റിന്റെ സാമ്പത്തികസഹായം ഇല്ലാതെ ഏതെങ്കിലും സന്നദ്ധസംഘടനകൾ, നശിച്ചുപോയ വനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് തയ്യാറാകുന്നപക്ഷം അവർക്ക് ആവശ്യമായ മറ്റു സഹായവും സംരക്ഷണവും നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സാമൂഹ്യവനവൽക്കരണ പരിപാടി സന്നദ്ധസംഘടനകളുടെ സഹകരണത്തോടുകൂടിയാണ് ഒരു പരിധിവരെ നടത്തുന്നത്.

(സി) സർവേയുടെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

(ഡി) സന്നദ്ധസംഘടനകൾ മുന്നോട്ടുവന്നാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

കെ. എഫ്. ഡി. സി. ക്ക് വിട്ടുകൊടുത്ത വനഭൂമി

863 [1869] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷന് സർക്കാർ എത്ര ഹെക്ടർ വനഭൂമി വിട്ടുകൊടുത്തിട്ടുണ്ട് ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഈ വനഭൂമികളിൽ ഓരോ ജില്ലയിലും എത്ര ഹെക്ടർ വീതം ക്ലിയർഫെല്ലിംഗ് നടത്തി ;

(ഡി) അതുമൂലം കോർപ്പറേഷന് എത്ര രൂപ വരുമാനമുണ്ടായി ;

(ഇ) ക്ലിയർഫെല്ലിംഗ് നടത്തിയ ഭൂമികളിൽ എത്ര ഹെക്ടറിൽ വനവൽക്കരണം നടത്തി ;

(എഫ്) അവയ്ക്ക് ഏതൊക്കെ വൃക്ഷത്തൈകളാണ് ഉപയോഗിച്ചത് ;

(ജി) വനവൽക്കരണം നടത്തിയ ഭൂമിയിൽ എത്ര ഹെക്ടർ തരിശായി ഇപ്പോഴും കിടക്കുന്നു ?

ഉത്തരം

(എ) കോള വനവികസന കോർപ്പറേഷന് സർക്കാരിൽനിന്നും ഇതേവരെ 11750 ഹെക്ടർ വനഭൂമി വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്.

തിരുവനന്തപുരം	2535	ഹെക്ടർ
കൊല്ലം	3023	,,
പത്തനംതിട്ട	1246	,,
ഇടുക്കി	3548	,,
തൃശ്ശൂർ	1039	,,
പാലക്കാട്	259	,,
വയനാട്	100	,,

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ ജില്ലയിലെയും ഹെക്ടർ തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്.

തിരുവനന്തപുരം	2535	ഹെക്ടർ
കൊല്ലം	3023	,,
പത്തനംതിട്ട	333	,,
തൃശ്ശൂർ	1039	,,

മറ്റു ജില്ലകളിൽ ക്ലിയർഫെല്ലിംഗ് നടത്തിയിട്ടില്ല.

(ഡി) ഇതിൽനിന്നും കോർപ്പറേഷന് പ്രത്യേക വരുമാനം ഉണ്ടായിട്ടില്ല. ചിലവുകഴിക്കായി മൊത്തം വരുമാനത്തിന്റെ അഞ്ചു ശതമാനമായ 59,63,565.60 രൂപ നൽകിയിട്ടുണ്ട്.

(ഇ) ക്ലിയർഫെല്ലിംഗ് നടത്തിയ വനഭൂമിയിൽ മുഴുവൻ തന്നെ വനവൽക്കരണം നടത്തി.

(എഫ്) യൂക്കാലിപ്റസ്, തേക്ക്, അൽബീസിയ, മക്കി, സുവാസൂം എന്നീ വൃക്ഷത്തൈകളാണ് ഉപയോഗിച്ചത്.

(ജി) വനവൽക്കരണം നടത്തിയ ഭൂമി ഇപ്പോഴും ഒന്നുംതന്നെ തരിശായി കിടപ്പില്ല.

കായികതാരങ്ങൾക്ക് പ്രോൽസാഹനം

864 [1870] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്പോർട്സിലും ഗയിംസിലും അഭിരുചിയുള്ളവർക്ക് പരിശീലനം ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾതോറും മിനിസ്റ്റേഡിയങ്ങളും താലൂക്കുകളിൽ വലിയ സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിനും സ്പോർട്സ് സ്കൂളുകളും ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളും കൂടുതലായി തുടങ്ങുന്നതിനും ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുമോ ?

ഉത്തരം

സ്പോർട്സിലും ഗയിംസിലും അഭിരുചിയുള്ളവർക്ക് പരിശീലനം ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾതോറും മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനും താലൂക്കുകളിൽ വലിയ സ്റ്റേഡിയം നിർമ്മിക്കുന്നതിനും കേരളാ ഗവൺമെന്റും ഇൻഡ്യാ ഗവൺമെന്റും സാമ്പത്തികസഹായം നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള സ്ഥാപനങ്ങൾക്ക് സാമ്പത്തികസഹായം നൽകിവരുന്നുണ്ട്. സ്പോർട്സ് സ്കൂളുകൾ, ഡി. പി. ഐ. യുടെ കീഴിലും ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ കൊളീജിയറേറ് എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലും ആണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിലെ കായികരംഗത്തെ പ്രവർത്തനങ്ങൾക്കുവേണ്ട സഹായസഹകരണങ്ങൾ സ്പോർട്സ് കൗൺസിൽ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly